**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3138** **13-07-2022 - ൽ മറുപടിയ്ക്ക്**

**അരൂർ മണ്ഡലത്തിലെ അരൂക്കുറ്റി ടൂറിസം പ്രോജക്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | അരൂർ മണ്ഡലത്തിൽ അരൂക്കുറ്റി പഞ്ചായത്തിൽ ടൂറിസം പ്രോജക്ട് നടപ്പിലാക്കുന്നതിനായി എക്സൈസ് വകുപ്പിന്റെ കീഴിലുള്ള സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വിശദമാക്കാമോ? | (എ) | ആലപ്പുഴ മെഗാ സർക്യൂട്ട് പദ്ധതിയുടെ ഭാഗമായി അരൂർ മണ്ഡലത്തിൽ നടപ്പാക്കിയ അരൂക്കുറ്റി ബോട്ട് ടെർമിനൽ പദ്ധതിയുടെ മുൻഭാഗത്ത് എക്സൈസ് വകുപ്പിന്റെ പക്കലുള്ള സ്ഥലം , ടെർമിനലിന്റെ പാർക്കിങ് ഏരിയയ്ക്കായി വിട്ടുനൽകണമെന്ന് വിനോദ സഞ്ചാര വകുപ്പ് ആവശ്യപ്പെട്ടിരുന്നു.<br><br>തുടർന്ന് 7.12.2015 ൽ ജലവിഭവ വകുപ്പിന്റെ ചേർത്തലയിലെ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇത് സംബന്ധിച്ച് ആലപ്പുഴ എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർക്ക് അപേക്ഷ നൽകിയെങ്കിലും സ്ഥലം അനുവദിക്കാൻ കഴിയില്ലെന്ന് അറിയിച്ചു. ജലവിഭവ വകുപ്പിന് ചേർത്തല, കുത്തിയതോട്, നൂറനാട്, മാവേലിക്കര, കാർത്തികപ്പള്ളി എന്നിവിടങ്ങളിലുള്ള സ്ഥലങ്ങളിൽ എക്സൈസ് വകുപ്പിന് പകരം കെട്ടിടം നിർമ്മിക്കാൻ സ്ഥലം അനുവദിക്കുന്നപക്ഷം വിനോദ സഞ്ചാര വകുപ്പിന്റെ പാർക്കിങ് യാർഡിനായി ഉപാധികളോടെ സ്ഥലം നൽകാമെന്നും എക്സൈസ് കമ്മിഷണർ നിർദേശം നൽകിയിരുന്നു.<br><br>09.03.2017ൽ ബഹു, എക്സൈസ്, വിനോദ സഞ്ചാര വകുപ്പ് മന്ത്രിമാരുടെയും ആലപ്പുഴ എം. പിയുടെയും അരൂർ എം. എൽ. എയുടെയും സാന്നിധ്യത്തിൽ ചേർന്ന യോഗത്തിലും സ്ഥലം വിട്ടു നൽകാൻ തീരുമാനമായെങ്കിലും നാളിതുവരെ എക്സൈസ് വകുപ്പ് സ്ഥലം കൈമാറിയിട്ടില്ല.<br><br>എന്നിരുന്നാലും കോവിഡ് സാഹചര്യത്തിൽ വൻ പ്രതിസന്ധി നേരിട്ട ടൂറിസം മേഖലയ്ക്ക് പുത്തനുണർവ്വ് പകരുന്നതിനും ടി പദ്ധതി ഏറ്റവും അടുത്ത അനുകൂല അവസരത്തിൽ നടപ്പിലാക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ട് ആദ്യ പടിയായി 09.02.2022 ൽ ബഹു. മുഖ്യമന്ത്രി അരൂകുറ്റി ബോട്ട് ടെർമിനലിന്റെ |

| | | | |
|---|---|---|---|
| | | | ഉദ്ഘാടനം നടത്തി, നിർവ്വഹണ ഏജൻസിയായ KIIDC യിൽ നിന്നും 29.06.2022-ൽ വിനോദ സഞ്ചാര വകുപ്പ് അരൂക്കുറ്റി ബോട്ട് ടെർമിനലിന്റെ തുടർനടത്തിപ്പ് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിനെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ